മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ടിന്നിൽ വരുന്ന (Flesh-ം, Fish-ം) ഫ്ളെഷും, ഫിഷും ഉപയോഗിക്കാവുന്നതാണെങ്കിൽ അതു വേഗത്തിൽ വിൽക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുകൂടെ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അതു് ഉള്ളിടത്തോളം അങ്ങിനെ വിൽക്കുവാൻ ഏർപ്പാടുചെയ്യാം.

ഡോക്ടർ (മിസിസ്സ്) ടി. ഫ്രാൻസിസ്സ്: (Tin-Food) ടിൻ ഫുഡ് വന്നിട്ട് എത്ര കാലമായിട്ടുണ്ടു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അതിനെപ്പറ്റി അന്വേഷണം നടത്തിയില്ലാതെ പറിയാൻ നിവർത്തിയില്ല.

ഡോക്ടർ (മിസിസ്സ്) ടി. ഫ്രാൻസിസ്സ്: ഇതു ഭക്ഷിക്കാൻ തക്കതാണൊ എന്നകൂടെ പരിശോധിച്ചിട്ടുവേണം വില്ക്കുവാൻ.

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: വേണ്ടപോലെ പരിശോധിച്ചശേഷമെ കൊടുക്കുകയുള്ളൂ.

Mr. K. I. Velayudhan *(Pazhanji)* I may be allowed to put questions 220 and 221 together.

Mr. President: Yes.

NON-ADMITTANCE OF CHRISTIAN PUPILS OR TEACHERS IN THE VIVEKODAYAM BRANCH SCHOOL AT PUNKUNNAM—COMPLAINTS REGARDING

220. (212) **Mr. K. I. Velayudhan** *(Pazhanji):* Will Government be pleased to state whether they are aware of the fact that Christians are not admitted to the branch of the Vivekodayam Girls' High School run at Punkunnam either as teachers or as pupils?

Mr. C. A. Ouseph *(Minister for Education and Public Health):* Christians are admitted as pupils in the Vivekodayam Girls' High School, run at Punkunnam. There are no teachers.

CASTE-WAR STATEMENT OF PUPILS AND TEACHERS OF VIVEKODAYAM SCHOOL AT PUNKUNNAM—FURNISHING OF

221. (214) **Mr. K. I. Velayudhan** *(Pazhanji):* Will Government be pleased to lay on the table of the House a caste-war statement of pupils and teachers of the branch of the Vivekodayam Girls' High School at Punkunnam?

Mr. C. A. Ouseph *(Minister for Education and Public Health):*

A caste-war statement of the pupils and teachers of the school is appended. (Vide Appendix I).

മിസ്റ്റർ കെ. ഐ. വേലായുധൻ: പൂങ്കുന്നത്തു് വിവേകോദയം(Girls' High School) ഗേൾസ്സ് ഹൈസ്കൂളിനോടടുത്തു് ശ്രീരാമക്ഷേത്രം എന്നു പറയുന്ന ഒരു ക്ഷേത്രം ഊട്ടുപുരയോടടുത്തുള്ളതായിട്ട് ഗവർമ്മെണ്ടിന്നറിയാമൊ?

മിസ്റ്റർ സി. എ. ഔസേപ്പ്: അറിയുകയില്ല.

മിസ്റ്റർ കെ. ഐ. വേലായുധൻ: ബഹുമാനപ്പെട്ട മന്ത്രി ആ സമയത്തു പോയി നോക്കീട്ടുണ്ടൊ?

മിസ്റ്റർ സി. എ. ഔസേപ്പ്: ഞാൻ പോയി നോക്കീട്ടില്ല.

മിസ്റ്റർ കെ. ഐ. വേലായുധൻ: അവർണ്ണരായിട്ട് ആരെങ്കിലും വിവേകോദയം ഹൈസ്കൂളിൽ ഉണ്ടൊ?

മിസ്റ്റർ സി. എ. ഔസേപ്പ്: അതിനെപ്പറ്റി അന്വേഷിക്കാം.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: അവിടെ ക്രസ്ത്യൻ അദ്ധ്യാപകന്മാർ മാത്രം ഇല്ലാത്ത കാരണം എന്താണു്?

മിസ്റ്റർ സി. എ. ഔസേപ്പ്: ആ സമുദായത്തിലുള്ള ആൾക്കാർ ആരും വേണമെന്നു് ആവശ്യപ്പെട്ടിട്ടുണ്ടായിരിക്കുകയില്ല.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഒരു ക്രസ്ത്യൻ അദ്ധ്യാപകൻ ആ സ്കൂളിൽ പോയി ജോയിൻ(Joint)ചെയ്യുവാൻ ചെന്നഅവസരത്തിൽ അതു സമ്മതിക്കാതിരുന്നിട്ടുള്ള സംഭവത്തെപ്പറ്റി അറിയാമോ?

മിസ്റ്റർ സി. എ. ഔസേപ്പ്: അതിന്നു് നോട്ടീസ്സുവേണം.

Mr. President: This question is wider than what is intended.

LIBRARY ARCHIVES Kerala Legislative Assembly